## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2300

8.12.2015 ലെ മറുപടിക്ക്

### സഹകരണ മേഖലയിൽ നിക്ഷേപ സമാഹരണ യജ്ഞം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. അച്ചുതൻ<br>ശ്രീ. പി. എ. മാധവൻ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. വി. ഡി സതീശൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ നിക്ഷേപ സമാഹരണ യജ്ഞം നടത്തിയിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ പ്രവർത്തനത്തിന് മതിയായ ഫണ്ട് സമാഹരിക്കുക എന്നതാണ് നിക്ഷേപ സമാഹരണ യജ്ഞങ്ങളിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. ഈ സർക്കാരിന്റെ കാലത്ത് സംഘടിപ്പിച്ച നാല് നിക്ഷേപ സമാഹരണ യജ്ഞങ്ങളിൽ 18500 കോടി രൂപ സമാഹരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും ആകെ 22525.67 കോടി രൂപ സമാഹരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. |

| നിക്ഷേപ സമാഹരണ യജ്ഞം സംഘടിപ്പിച്ച മാസവും വർഷവും | ലക്ഷ്യം (തുക കോടിയിൽ) | ലഭിച്ചത് (തുക കോടിയിൽ) |
|---|---|---|
| നവംബർ 2011 | 3000 | 4425.09 |
| ഡിസംബർ 2012 | 4500 | 5194.36 |
| ഡിസംബർ 2013 | 5000 | 6674.00 |
| ഡിസംബർ 2014 | 6000 | 6232.22 |
| ആകെ | 18500 | 22525.67 |

→

| | |
|---|---|
| സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | സി) ഓരോ നിക്ഷേപ സമാഹരണ യജ്ഞത്തിലും വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാന/ജില്ല/താലൂക്ക്/സംഘം തലത്തിൽ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം സംഘടിപ്പിച്ചു. ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും സഹകാരികളെയും പങ്കെടുപ്പിച്ച് ക്യാമ്പയിൻ സംഘടിപ്പിച്ചു. ഓരോ ജില്ലയ്ക്കും പ്രത്യേകം ലക്ഷ്യം നിശ്ചയിച്ച് നൽകുകയും ഏറ്റവും കൂടുതൽ നിക്ഷേപം സമാഹരിക്കുന്ന ജില്ലയ്ക്കും വിവിധ വിഭാഗത്തിൽപ്പെട്ട സംഘങ്ങൾക്കും/ബാങ്കുകൾക്കും ട്രോഫികൾ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചു. ക്യാമ്പയിന്റെ നടത്തിപ്പിനായി വിവിധ തലങ്ങളിൽ ഉദ്യോഗസ്ഥരെ വിന്യസിച്ച് ചുമതല നൽകി. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ, എംപ്ളോയീസ് സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന സഹകരണ കാർഷിക വികസന ബാങ്ക്, ബൈലാ വ്യവസ്ഥയ്ക്ക് വിധേയമായി നിക്ഷേപം സ്വീകരിക്കുന്ന ഇതര സഹകരണ സംഘങ്ങൾ എന്നീ സ്ഥാപനങ്ങളെ നിക്ഷേപ സമാഹരണ യഞ്ജങ്ങളിൽ പങ്കെടുപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ